# INDIAN SCHOOL AL WADI AL KABIR
## PRELIMINARY EXAMINATION-1, 2023- 24
## CLASS X, MALAYALAM (CODE-012)
## മലയാളം

**Time Allowed: 3 Hours** **Maximum Marks: 80**

അനുവദിച്ച സമയം : **3** മണിക്കൂർ ആകെ മാർക്ക് : **80**

**Date: 26-11-2023**

- Please check that this question paper contains 9 printed pages.
- Please check that this question paper contains 9 questions.
- This question paper is divided into **two** sections:
  Section A: Reading Comprehension (V.S.A.Q), Vocabulary Building & Prose & Poetry (M.C.Q) – 40 Marks
  Section B: Grammar, Composition, Literature (Prose, Poetry & Supplementary) – 40 Marks.
- **Please write down the Serial Number of the question before attempting it.**

## എ വിഭാഗം / SECTION : A

**1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്കു വീതം ) (8x1=8)**

ലോകത്തിന്റെ പല ഭാഗങ്ങളിലും പ്രാചീനമായ സംസ്കാരങ്ങൾ നശിച്ചുപോയിട്ടുണ്ട്. എന്നാൽ ഭാരതീയ സംസ്കാരത്തിന് അതുപോലെ ഒരു പതനം സംഭവിച്ചിട്ടില്ല. അത് ഉയർത്തിപ്പിടിച്ച അനശ്വര മൂല്യങ്ങൾക്ക് സാർവ്വത്രികമായ അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്താണ് അതിനു കാരണം? അതിന്റെ പ്രാചീനതയും ഏകീഭാവവും നൈരന്തര്യവും സാർവ്വത്രികതയും ശ്രദ്ധേയം തന്നെ. ഭാരതീയ സംസ്കാരത്തിന്റെ വൈവിധ്യവും സമ്പന്നതയും സുപ്രധാന അംശങ്ങളാണ്. അതേ വൈവിധ്യവും സമ്പന്നതയും കേരള സംസ്കാരത്തിനുമുണ്ട്. അതുകൊണ്ടാണ് യുഗപ്പകർച്ചകളിലൂടെ അതിന് നിലനിൽക്കാനൊത്തത്. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും മനുഷ്യചേതനയ്ക്ക് ഉണ്ടായിട്ടുള്ള മഹത്തായ നേട്ടങ്ങളുടെ ആകെത്തുകയാണ് സംസ്കാരം. മതം, തത്ത്വചിന്ത, ഭാഷ, സാഹിത്യം, കല, ശില്പവിദ്യ, വിദ്യാഭ്യാസം, സാമ്പത്തികവും സാമൂഹികവുമായ സംവിധാനക്രമങ്ങൾ എന്നിങ്ങനെയുള്ള

ഭിന്ന മേഖലകളിലെല്ലാം ഒരു ജനത കൈവരിച്ചിട്ടുള്ള കൂട്ടായ നേട്ടങ്ങളുടെ അന്തസ്സാരത്തെയാണ് സംസ്കാരം പ്രതിനിധാനം ചെയ്യുന്നത്. സാമൂഹിക വൈജ്ഞാനിക നേട്ടങ്ങളുടെ അളവുകോൽ വച്ച് നോക്കുമ്പോൾ കേരളത്തിന്റെ സംസ്കാരം സമുന്നതമാണെന്ന് കാണാൻ പ്രയാസമില്ല. ചരിത്രത്തിന്റെ വിഭിന്ന ഘട്ടങ്ങളിലെല്ലാം കേരളത്തിന്റെ പ്രതിഭ ഊർജ്ജസ്വലമായി പ്രവർത്തിച്ചിട്ടുണ്ട്. വികാരത്തെക്കാൾ വിചാരത്തിന് പ്രാധാന്യം ലഭിച്ചത് സാംസ്കാരിക ഉന്നതിക്ക് കാരണമായി. തൽഫലമായി കേരളീയരുടെ പ്രയത്നങ്ങൾക്കെല്ലാം മികവുറ്റ ഫലങ്ങൾ ഉണ്ടായിട്ടുണ്ട്.

<u>ചോദ്യങ്ങൾ:</u>

(a) പ്രാചീന സംസ്കാരങ്ങളിൽ പലതും നശിച്ചുപോയിട്ടുണ്ടെങ്കിലും നശിക്കാത്തത് എന്ന് ലേഖകൻ അവകാശപ്പെടുന്നത് എന്ത്?

(b) ഭാരതീയ സംസ്കാരം ഉയർത്തിപ്പിടിക്കുന്നത് എന്ത്?

(c) ഭാരതീയ സംസ്കാരത്തിന്റെ സുപ്രധാന അംശങ്ങൾ എന്തെല്ലാം?

(d) ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉണ്ടായിട്ടുള്ള മഹത്തായ നേട്ടങ്ങളുടെ ആകെത്തുക എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെ?

(e) ഏത് അളവുകോൽ വച്ച് നോക്കുമ്പോഴാണ് കേരളത്തിന്റെ സംസ്കാരം സമുന്നതമാണെന്ന് കാണുന്നത്?

(f) ചരിത്രത്തിന്റെ വിഭിന്ന ഘട്ടങ്ങളിലെല്ലാം ഊർജ്ജസ്വലമായി പ്രവർത്തിച്ചത് എന്ത്?

(g) കേരളത്തിന്റെ സാംസ്കാരിക ഉന്നതിക്ക് കാരണമായത് എന്ത്?

(h) 'പഴയത് ' എന്ന അർത്ഥത്തിൽ ഖണ്ഡികയിൽ ഉപയോഗിച്ചിരിക്കുന്ന പദം ഏത്?

**2. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്കു വീതം ) (7x1=7)**

ഭൂമിയിൽ ജീവിക്കുന്ന മനുഷ്യന് അത്യാവശ്യം വേണ്ടുന്ന മൂന്ന് കാര്യങ്ങളാണ് വായു, വെള്ളം, ഭക്ഷണം എന്നിവ. ഇതിൽ ആദ്യം പറഞ്ഞ രണ്ടും കേരളത്തിൽ സുലഭം തന്നെ. എന്നാൽ ഭക്ഷണത്തിന് നാം അന്യനാടുകളെ ആശ്രയിക്കുകയാണിന്ന്. അനുദിനം വർദ്ധിക്കുന്ന ജനസംഖ്യ ഭക്ഷ്യപ്രശ്നം സൃഷ്ടിക്കുന്ന ഒരു പ്രധാന ഘടകമാണ്. ജനസംഖ്യ കൂടുന്നതിനനുസരിച്ച് കൃഷി സ്ഥലങ്ങൾ വർദ്ധിക്കുന്നില്ല. കാലാവസ്ഥാവ്യതിയാനം മൂലം കർഷകന് നല്ല രീതിയിൽ കൃഷിയിറക്കാൻ കഴിയാതെ വരുന്നു. ഇത് വിളനാശത്തിന്

കാരണമാകുന്നു. നീർത്തടങ്ങളായ വയലുകൾ നികത്തി വീട് വയ്ക്കുന്നത് ഇന്ന് വ്യാപകമായിട്ടുണ്ട്. തന്മൂലം ജലാംശം ആഴത്തിലേക്ക് വലിയും. പണ്ടുള്ള ജലസ്രോതസ്സുകൾ പോലും വറ്റാൻ ഇത് കാരണമാകുന്നു. ജലദൗർലഭ്യവും വെള്ളപ്പൊക്കവും; രണ്ടായാലും കർഷകന് ആദായം നഷ്ടപ്പെടുന്നു. കാർഷികോല്പന്നങ്ങൾക്ക് ആവശ്യത്തിനുള്ള വില ലഭിച്ചില്ലെങ്കിൽ നഷ്ടം വരും. വിത്ത്, വളം, ജോലിക്കൂലി എന്നിവയുടെ വർദ്ധനവ് അമിതമാണ്. വേണ്ടത്ര വിപണന സാധ്യതയില്ലാതെ വരുമ്പോൾ കർഷകന് വിത്തെടുത്ത് കളയേണ്ട അവസ്ഥ വരും. ഇത് കർഷകന്റെ ആത്മഹത്യയ്ക്ക് വഴിവയ്ക്കുന്നു. കാർഷിക പ്രതിസന്ധി പരിഹരിക്കുകയാണ് ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രധാന ഉപാധി. ജലസേചന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണം, കീടനാശിനികളും വളവും മിതമായ നിരക്കിൽ നൽകണം. ബോധവൽക്കരണത്തിലൂടെ ആധുനിക കൃഷിരീതികൾ കർഷകന് മനസ്സിലാക്കിക്കൊടുക്കണം. ഇപ്രകാരം കൃഷിക്ക് വേണ്ട പ്രോത്സാഹനം നൽകുകയാണ് വേണ്ടത്. നിലം നികത്തൽ നിരോധിക്കുക, കാർഷികവൃത്തി മാന്യമായ ജീവിത സംസ്കാരം നൽകുമെന്ന് ബോധ്യപ്പെടുത്തുക, ഇടനിലക്കാരില്ലാതെ വിപണി സാധ്യത വർദ്ധിപ്പിക്കുക തുടങ്ങിയ സഹായങ്ങൾ സർക്കാർതലത്തിലും ചെയ്യുമ്പോൾ കേരളത്തിന് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ഇവിടെത്തന്നെ കൃഷി ചെയ്യാം. വിഷരഹിതമായ ഭക്ഷ്യവസ്തുക്കളാണ് ആരോഗ്യത്തിന് ആവശ്യം എന്ന സത്യം കർഷകർ തിരിച്ചറിയുക കൂടി ചെയ്യുമ്പോൾ നമ്മുടെ ഭക്ഷ്യക്ഷാമം മാറുകയും ആരോഗ്യമുള്ള ഒരു തലമുറ ജന്മം കൊള്ളുകയും ചെയ്യും.

<u>ചോദ്യങ്ങൾ:</u>

(a) ഏതു കാര്യത്തിനാണ് കേരളം ഇന്ന് അന്യനാടുകളെ ആശ്രയിക്കുന്നത്?

(b) അനുദിനം വർദ്ധിക്കുന്ന ജനസംഖ്യ ഏതു പ്രശ്നമാണ് സൃഷ്ടിക്കുന്നത്?

(c) ജലദൗർലഭ്യവും വെള്ളപ്പൊക്കവും ഉണ്ടാകുമ്പോൾ കർഷകന് നഷ്ടപ്പെടുന്നത് എന്ത്?

(d) വേണ്ടത്ര വിപണന സാധ്യതയില്ലാതെ വരുമ്പോൾ കർഷകന് എന്തു ചെയ്യേണ്ടി വരും?

(e) ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രധാന ഉപാധി എന്ത്?

(f) ആധുനിക കൃഷിരീതികൾ കർഷകന് മനസ്സിലാക്കിക്കൊടുക്കേണ്ടത് എങ്ങനെ?

(g) ഏതു സത്യമാണ് കർഷകർ തിരിച്ചറിയേണ്ടത്?

3. **താഴെ കൊടുത്തിരിക്കുന്ന 10 ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക (ഓരോന്നിനും 1 മാർക്കു വീതം ) (7x1=7)**

(a) കടൽ എന്ന പദത്തിന്റെ പര്യായപദം ഏതാണ്?

(a) ഖഗം (b) പത്രി

(c) ആഴി (d) വാപി

(b) ഹന്താവ് എന്ന പദത്തിന്റെ എതിർലിംഗം ഏത്?

(a) ഹന്തി (b) ഹന്ത്രി

(c) ഹന്ത (d) ഹന്താവി

(c) പാടലം എന്ന പദത്തിന്റെ ശരിയായ അർത്ഥം ഏത്?

(a) ചുവപ്പ് (b) വെളുപ്പ്

(c) കൂട്ടം (d) കൊടി

(d) മുഹൂർത്തം - മൂർത്തം എന്നീ വാക്കുകളുടെ ശരിയായ അർത്ഥവ്യത്യാസം ഏതാണ് ?

(a) വിവാഹം - ആഗ്രഹം (b) സ്ഥലം - ജലം

(c) രാഹു - കേതു (d) ശുഭസമയം - രൂപം ഉള്ളത്

(e) വിദ്യാലയമുറ്റം എന്ന പദം വിഗ്രഹിക്കുന്നത് എങ്ങനെ?

(a) വിദ്യാലയവും മുറ്റവും (b) മുറ്റമുള്ള വിദ്യാലയം

(c) വിദ്യാലയത്തിന്റെ മുറ്റം (d) വിദ്യാലയം മൂലമുള്ള മുറ്റം

(f) നിലം എന്ന വാക്കിന്റെ നാനാർത്ഥം അല്ലാത്തത് ഏത്?

(a) കര (b) സ്വർഗം

(c) തറ (d) ഭൂമി

(g) ജനങ്ങളില്ലാത്തത് എന്നതിന്റെ ഒറ്റപ്പദം ഏത്?

(a) സജനം (b) സുജനം

(c) വിഭജനം (d) വിജനം

(h) ചിരമഹോ എന്ന പദം പിരിച്ചെഴുതുന്നത് എങ്ങനെ?

(a) ചിരം + അഹോ (b) ചിരം + മഹോ

(c) ചിരമ + ഹോ (d) ചിര + മഹോ

(i) ദയ എന്ന വാക്കിന്റെ വിപരീതപദം ഏത്?

(a) വിദയ (b) അദയ

(c) നിർദ്ദയ (d) സുദയ

(j) ശരിയായ പദം കണ്ടെത്തി എഴുതുക

(a) പാന്തർ (b) പാന്ഥർ

(c) പാന്ധർ (d) പാന്ദർ

**4. താഴെ കൊടുത്തിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക (ഓരോന്നിനും 2 മാർക്കു വീതം ) (9x2=18)**

(a) "ഇനി നിനക്ക് തരാൻ എന്റെ കയ്യിൽ ഇതു മാത്രമേയുള്ളൂ."

(i) എന്താണ് കൈയിൽ ഉള്ളത്?

(a) റേഡിയോ (b) തുമ്പപ്പൂവ്

(c) പൊതിച്ചോറ് (d) ചൂഡാമണി

(ii) 'നിനക്ക് ' എന്നതുകൊണ്ട് ആരെയാണ് ഉദ്ദേശിക്കുന്നത്?

(a) അശ്വത്ഥാമാവിനെ (b) ഓണത്തപ്പനെ

(c) ദിവാകരനെ (d) കണ്ടുണ്ണിയെ

(b) "ഭാഗ്യവശാൽ യുദ്ധത്തിൽ തോറ്റോടിയിട്ടല്ല; പാപികൾ കള്ളത്തരം കൊണ്ടാണ് എന്നെ കൊന്നത്."

(i) ആരാണ് ഇങ്ങനെ പറയുന്നത്?

(a) കൃപർ (b) ദുര്യോധനൻ

(c) ഭീമൻ (d) യുധിഷ്ഠിരൻ

(ii) 'കള്ളത്തരം ചെയ്ത പാപികൾ' ആര്?

(a) കൗരവർ (b) പാണ്ഡവർ

(c) കേകേയർ (d) കോസലർ

(c) "നമ്മടെ നല്ലകാലത്ത് അവറ്റെയൊക്കെ നല്ല പെടപെടച്ചട്ടാ ഞാൻ വളർത്തീരിക്കണത്."

(i) 'നല്ല കാലം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

(a) വാർദ്ധക്യം (b) യൗവനം

(c) വിദ്യാഭ്യാസകാലം (d) ജോലിക്കാലം

(ii) ആരെയാണ് 'അവറ്റ' എന്ന് പറഞ്ഞിരിക്കുന്നത്?

(a) ഭാര്യയെ (b) പണം കടം വാങ്ങിയവരെ

(c) ജോലിക്കാരെ (d) മക്കളെ

(d) "അർജുനൻ അവരെ കണ്ട ഉടനെ തന്റെ അസ്ത്രത്തെ പ്രതിസംഹരിച്ചു."

(i) ആരെ കണ്ടപ്പോഴാണ് അസ്ത്രത്തെ പ്രതിസംഹരിച്ചത്?

(a) ഭീമനെയും കൃപരെയും (b) നാരദനെയും കൃഷ്ണദ്വൈപായനനെയും

(c) ദ്രൗപദിയെയും ഭീമനെയും (d) കൃഷ്ണനെയും യുധിഷ്ഠിരനെയും

(ii) ഏത് അസ്ത്രത്തെയാണ് അർജുനൻ പ്രതിസംഹരിച്ചത്?

(a) പാശുപതാസ്ത്രം (b) നാരായണാസ്ത്രം

(c) നാഗാസ്ത്രം (d) ബ്രഹ്മശിരോസ്ത്രം

(e) 'തിണ്ണയിലിരുന്ന് ചാക്കുണ്ണി അത് ശ്രദ്ധിച്ചു; പതുക്കെ തലയാട്ടി.'

(i) ചാക്കുണ്ണി എന്താണ് ശ്രദ്ധിച്ചത്?

(a) കുട്ടികളുടെ പാട്ട് (b) മത്തായി മൂപ്പരുടെ വാക്കുകൾ

(c) പുറത്തെ ശബ്ദം (d) മകന്റെ കരച്ചിൽ

(ii) റേഡിയോയിൽ ഞായറാഴ്ച രാവിലത്തെ സ്പെഷ്യൽ പരിപാടി എന്തായിരുന്നു?

(a) ശബ്ദരേഖ (b) ബാലമണ്ഡലം

(c) വയലും വീടും (d) ചലച്ചിത്രഗാനം

(f) "നിരൂപിക്കിൽ സ്വപ്നതുല്യം സഖേ."

(i) എന്താണ് 'സ്വപ്നതുല്യം' എന്ന് പറഞ്ഞിരിക്കുന്നത്?

(a) അഹംബുദ്ധി (b) നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ

(c) സംസാരമാകെ (d) ആധ്യാത്മിക ജീവിതം

(ii) ആധുനിക മലയാളഭാഷയുടെ പിതാവ് എന്ന് വിശേഷിപ്പിക്കുന്നത് ആരെ?

(a) പൂന്താനത്തെ (b) കുഞ്ചൻ നമ്പ്യാരെ

(c) ചെറുശ്ശേരിയെ (d) എഴുത്തച്ഛനെ

(g) "ഏവമോതിയിടരാർന്നു കണ്ണുനീർ തൂവിനാൾ"

(i) എന്തിനാണ് കണ്ണുനീർ തൂകിയത്?

(a) ശ്രീരാമന്റെ ഉപദേശം കേട്ടിട്ട് (b) ജീവിതത്തിന്റെ നിരർത്ഥകത ചിന്തിച്ച്

(c) റേഡിയോ ഓർത്ത് (d) ദിവാകരൻ തിരിച്ചറിയാത്തതുകൊണ്ട്

(ii) 'ഭാവശാലികൾ പിരിഞ്ഞു കൂടിയാൽ' സുഖത്തിന്റെ ഉദയം എങ്ങനെയാവും?

(a) ധന്യമാകും (b) ഉപകാരപ്രദമായിരിക്കും

(c) വികലമായിരിക്കും (d) നിജകർമ്മ നീതരാകും

(h) 'ആകാശഗോപുരങ്ങൾക്കു താഴത്തവ നാളേക്ക് വേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നു.'

(i) ഉറങ്ങാൻ ശ്രമിക്കുന്നത് എന്ത്?

(a) വഴിവിളക്കുകൾ (b) പാടയും പീളയും മൂടിയ കണ്ണുകൾ

(c) നക്ഷത്രങ്ങൾ (d) തെരുവീഥികൾ

(ii) 'പെരും മാളിന്റെ' അടുത്ത് മകൻ അമ്മയെ ഇറക്കാതിരുന്നത് എന്തുകൊണ്ട്?

(a) സൂചിപ്രയോഗത്തിന്റെ നീറ്റൽ മനസ്സിൽ ഉണ്ടായതുകൊണ്ട്

(b) പെറ്റുകിടക്കുന്ന തെരുവുപട്ടി കുരച്ചു ചാടിയതുകൊണ്ട്

(c) ഒഴിവു കനത്ത ഇരുളിടം ആയതുകൊണ്ട്

(d) കുട്ടിയേകാന്തത കണ്ണു പൊത്തിക്കളിക്കുന്നതുകൊണ്ട്

(i) "പനിനീരാൽ കഴുകിക്കൂ കാലുകൾ"

(i) ആരുടെ കാലുകളാണ് കഴുകിക്കേണ്ടത്?

(a) ഓണത്തപ്പന്റെ (b) പുള്ളുവന്റെ

(c) ശ്രീരാമന്റെ (d) യുധിഷ്ഠിരന്റെ

(ii) ആരോടാണ് കഴുകിക്കാൻ പറയുന്നത്?

(a) നെയ്യാമ്പലുകളോട് (b) ഉഷസിനോട്

(c) നിലാവിനോട് (d) മുക്കുറ്റിപ്പൂക്കളോട്

(j) "എങ്ങോട്ടു പോകുന്നുവെന്നു ചോദിച്ചില്ല."

(i) ആരാണ് ചോദിക്കാതിരുന്നത്?

(a) ഭീമൻ (b) ദ്രൗപദി

(c) നളിനി (d) അമ്മ

(ii) 'നീരാതെ മാറോടു' ചേർത്തുവച്ചിരിക്കുന്നത് എന്ത്?

(a) കരിമ്പടം (b) കൈപ്പിടിയിൽ അമർന്ന വാൾ

(c) വറ്റിവരണ്ട കൈച്ചുള്ളികൾ (d) പ്രിയമകളായ വീണപ്പെണ്ണ്

## ബി വിഭാഗം / SECTION : B

5 (a) **അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ച് എഴുതുക** (2x1=2)

(i) ചെമ്പു മത്തായി ഇങ്ങനെ പറഞ്ഞെങ്കിലും നേരെ മറിച്ചായിരുന്നു ചാക്കുണ്ണിയുടെ അനുഭവം.

(ii) കുട്ട്യസ്സൻ മാപ്പിളയെ വിട്ടുകൊണ്ട് വെള്ളായിയപ്പൻ യാത്ര തുടർന്നു.

(b) **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** (2x1=2)

(i) അച്ഛനും മകനും നേരോടു നേരായി കുറച്ച് തെല്ലിട നേരം നിന്നു.

(ii) യുദ്ധം നടക്കാത്ത സമയങ്ങളിൽ ഇരുകക്ഷിയും പണ്ടേപ്പോലെ പരസ്പര പ്രീതിയോടെ സന്തോഷത്തിൽ വർത്തിക്കണം.

(c) **പ്രയോഗം മാറ്റുക** (2x1=2)

(i) ദ്രൗണി അയാളെ ചവിട്ടിയുണർത്തി.

(ii) പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തത അപ്പോൾ അയാളെ വലയം ചെയ്തു.

(d) **ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക** (2x1=2)

(i) കഴിഞ്ഞുകൂടുക (ii) കാത്തിരിക്കുക (iii) ആശ്വസിക്കുക

6 **ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

(a) **ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക** (5)

വിദ്യാർത്ഥികളും സാമൂഹിക കടമകളും

or

വാർത്താമാധ്യമങ്ങളുടെ ഉപയോഗം

(b) **നിങ്ങളുടെ പ്രദേശത്ത് വർദ്ധിച്ചുവരുന്ന തെരുവുനായ്ക്കളുടെ ശല്യത്തിന് ഉടനെ പരിഹാരം കണ്ടെത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റിന് ഒരു കത്ത് എഴുതുക** (5)

(c) **പട്ടണത്തിലെ പ്രധാന സ്കൂളിൽ നടന്ന കേരളപ്പിറവി ദിനാഘോഷം വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു. ഈ വിഷയം അടിസ്ഥാനമാക്കി ഒരു പത്രവാർത്ത തയ്യാറാക്കുക** (4)

**7. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക ( ഓരോന്നിനും 3 മാർക്ക് വീതം) (2x3=6)**

(a) 'കടൽത്തീരത്ത്' എന്ന കഥയിലെ ഗദ്യഭാഷയുടെ പ്രത്യേകതകൾ വിശദീകരിക്കുക

(b) തനിക്ക് സ്വർഗ്ഗ പ്രാപ്തി ലഭിക്കുമെന്ന് ദുര്യോധനൻ വിശ്വസിക്കുന്നത് എന്തുകൊണ്ട്?

(c) ''ഈ റേഡിയോം പാട്ട്വക്കെ ഇനിക്കത്ര പിട്ത്തല്ല്യ. മനുഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടോള്.'' സന്ദർഭമെഴുതി വിശദീകരിക്കുക

**8. തന്നിരിക്കുന്നതിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്കു മാത്രം ഉത്തരം എഴുതുക (ഓരോന്നിനും 3 മാർക്ക് വീതം) (2x3=6)**

(a) "നന്നല്ല ദേഹം നിമിത്തം മഹാമോഹം.'' ഈ ഉപദേശത്തിന്റെ സാധുത പരിശോധിക്കുക

(b) "പണ്ടു നിന്നെയൊരിളം കുരുന്നതായ് കണ്ടു ഞാൻ സപദി വല്ലിയായി നീ'' ഈ കല്പന നൽകുന്ന ആശയതലം വ്യക്തമാക്കുക

(c) 'അമ്മത്തൊട്ടിൽ' എന്ന ശീർഷകം കവിതയ്ക്ക് എത്രത്തോളം ഉചിതമാണെന്ന് വിലയിരുത്തുക

**9. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്കു മാത്രം ഉത്തരമെഴുതുക (ഓരോന്നിനും 3 മാർക്കു വീതം) (2x3=6)**

(a) ചട്ടമ്പിസ്വാമികളും ശ്രീനാരായണഗുരുവും തമ്മിലുള്ള ആദ്യത്തെ കൂടിക്കാഴ്ചയെക്കുറിച്ച് ഒരു കുറിപ്പെഴുതുക

(b) 'ചട്ടമ്പിസ്വാമികൾ ഹിംസ്രജന്തുക്കളെ ശാന്തമാക്കിയിരുന്നു' എന്ന് തെളിയിക്കുന്ന ഒരു സംഭവം എഴുതുക

(c) 'തന്നോടൊപ്പമുള്ളവർക്ക് തനിക്ക് ലഭിക്കുന്ന അംഗീകാരം കിട്ടണമെന്ന് ചട്ടമ്പിസ്വാമികൾക്ക് നിർബന്ധമുണ്ടായിരുന്നു.' ഒരുദാഹരണം ചൂണ്ടിക്കാണിക്കുക

***